# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8168** **17.07.2014 ൽ മറുപടിയ്ക്ക്**

**ഡാം പരിശോധനയ്ക്കായി സംസ്ഥാനത്തെത്തിയ തമിഴ്‌നാട് സംഘം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഡാമുകളുടെ സുരക്ഷാപ്രശ്നങ്ങൾ പഠിക്കുന്നതിന്റെ പേരിൽ സംസ്ഥാന സർക്കാരിന്റെ അനുമതിയോ അറിവോ ഇല്ലാതെ തമിഴ്‌നാട് സംഘം കേരളത്തിലെത്തി സുഖവാസ കേന്ദ്രങ്ങളിൽ താമസിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | ഇല്ല. |
| (ബി) തമിഴ്‌നാട്സംഘം ചേർത്തലയിൽ എത്തിയതും റിസോർട്ടിൽ തങ്ങിയതും സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുവേണ്ട ഒത്താശകൾ ചെയ്ത ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു എന്ന് അറിയിക്കുമോ; ഇവർക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എന്ത് നടപടി | (ബി) യും (സി) യും | കോയമ്പത്തൂരിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി കേരള - തമിഴ്‌നാട് സർക്കാരുകൾ 1973 ആഗസ്റ്റ് 19-ന് ഒപ്പുവച്ച അന്തർസംസ്ഥാനകരാറിലെ ക്ലോസ് f (XIII) അനുസരിച്ച്, കേരളത്തിലേയും തമിഴ്‌നാട്ടിലേയും ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായിട്ടുള്ള ജോയിന്റ് കൺട്രോൾ ബോർഡിന്റെ (JCB) മീറ്റിംഗ് എല്ലാ വർഷവും കേരളത്തിലും തമിഴ്‌നാട്ടിലുമായി ഇടവിട്ട് നടത്തിവരുന്നു. ഈ |

| | |
|---|---|
| സ്വീകരിക്കുകയുണ്ടായി എന്ന് അറിയിക്കുമോ; | വർഷം 24-ാം ജോയിൻറ് കൺട്രോൾ ബോർഡിൻെറ (JCB) മീറ്റിംഗ് ആലപ്പുഴയിലെ തണ്ണീർമുക്കത്തുള്ള "WORLD BACK WATERS" ഓഡിറ്റോറിയത്തിൽ വച്ച് 13.06.2014-ന് നടത്തുകയും, കരാറിലെ ഷെഡ്യൂൾ II പ്രകാരമുള്ള കാര്യങ്ങൾ (കുടിവെള്ളത്തിനായുള്ള ജലവിതരണവും നിയന്ത്രണവും) ചർച്ച ചെയ്യുകയുമുണ്ടായി. കരാറിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ജോയിൻറ് കൺട്രോൾ ബോർഡിൻെറ മീറ്റിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണത്തിന് പ്രസക്തിയുള്ളതായിക്കാണുന്നില്ല. |
| (സി) തമിഴ്നാട്സംഘം ചേർത്തലയിൽ എത്തി താമസിച്ചതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച അന്വേഷണം നടത്തുമോ? | |

സെക്ഷൻ ഓഫീസർ